Break the Chain
കൈവിടാതിരിക്കാം... കൈ കഴുകൂ...

തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

## സംഗ്രഹം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - ഭരണവിഭാഗം - കോവിഡ്-19 മഹാമാരി മൂലം ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ അയവുവരുത്തി ശനിയാഴ്ച പ്രവൃത്തിദിവസമാക്കിയ സർക്കാർ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ഭരണവിഭാഗം

**നമ്പർ: 698/എ1/2020/അഡ്മിൻ.** **തിരൂർ: തീയതി, 20.09.2021**

---

പരാമർശം:- 1) 27.04.2021 ലെ 698/എ1/2020/അഡ്മിൻ. നമ്പർ ഉത്തരവ്.
2) GO(Rt) No. 564/2021/DMO dated 04.08.2021.
3) GO(Rt) No. 619/2021/DMO dated 14.09.2021.

## ഉത്തരവ്

പരാമർശം (1) പ്രകാരം സർവകലാശാലയിൽ കോവിഡ്-19 വ്യാപനം ഫലപ്രദമായി നിയന്ത്രിക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ സർവകലാശാല തലത്തിൽ നടപ്പാക്കിയും ശനിയാഴ്ചകളിൽ ഒഴിവുദിവസമാക്കിയും സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പരാമർശം (2) പ്രകാരം സർക്കാർ ഓഫീസുകൾക്കും, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, സ്വയംഭരണസ്ഥാപനങ്ങൾ, കമ്മീഷനുകൾ എന്നിവയ്ക്കും തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വരെ മുഴുവൻ ഹാജരോടുകൂടി പ്രവൃത്തിദിനങ്ങളാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3) പരാമർശം (3) പ്രകാരം കോവിഡ്-19 മഹാമാരി പരിഹരിക്കാൻ കൈക്കൊണ്ട നിയന്ത്രണങ്ങളും തൽസ്ഥിതിയും വിലയിരുത്തി ശനിയാഴ്ച കൂടി പ്രവൃത്തിദിവസമാക്കി പുനഃസ്ഥാപിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്.

4) പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം കോവിഡ്-19 മായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ സർവകലാശാലാ തലത്തിൽ നടപ്പാക്കാനും ശനിയാഴ്ചകൾ വീണ്ടും പ്രവൃത്തിദിവസമാക്കാനും വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

5) ആയതിനാൽ മേൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) മേൽ ഉത്തരവ് പ്രകാരം എല്ലാ ജീവനക്കാരും ശനിയാഴ്ച ദിവസങ്ങളിൽ ജോലിക്ക് ഹാജരാകേണ്ടതാണ്.

**രജിസ്ട്രാർ ഇൻ ചാർജ്ജ്**

പകർപ്പ്:

വി.സി. കാര്യാലയം/
ഫിനാൻസ് വിഭാഗം/അക്കൗണ്ട്സ് വിഭാഗം/
പരീക്ഷാവിഭാഗം/ലൈബ്രറി/പി.ആർ.ഒ./പ്രസിദ്ധീകരണവിഭാഗം/
ഫ്രണ്ട് ഓഫീസ്/ഐ.ക്യു.എ.സി./പൈതൃകമ്യൂസിയം/എ.എ.ഒ./
വെബ്സൈറ്റ്/